# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 248 — 12.03.2018-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.കെ. രാജൻ<br>ശ്രീമതി സി.കെ. ആശ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച്, അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ലെന്ന വ്യവസ്ഥ നിലനിൽക്കെ ഇത്തരം സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ-യെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് നിലവിൽ അംഗീകാര-മില്ലാത്ത സ്കൂളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാ-നത്തിലാണ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതെന്ന് വിശദമാക്കാമോ; | (ബി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V – ൽ പൊതുവായ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാലാകാലങ്ങളിൽ അതത് സർക്കാർ സ്വീകരിക്കുന്ന നയമനുസരിച്ച് അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് വിദ്യാഭ്യാസ നിയമത്തിനും ചട്ടത്തിനുമനുസൃതമായി മാനദണ്ഡങ്ങൾ നിഷ്കർഷിച്ച് അവ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരി-ക്കാറുണ്ട്. കേന്ദ്ര സർക്കാരിന്റെ 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കു-ന്നതിന്റെ ഭാഗമായി 10.06.2013 തീയതി യിലെ സ.ഉ. (കൈ) നമ്പർ 184/2013/ പൊ.വി.വ. പ്രകാരം അംഗീകാരം നൽകുന്ന-തിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും അവ പാലിച്ച 395 സ്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അംഗീകാരമില്ലാത്ത സ്കൂളുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | കേന്ദ്ര സർക്കാരിന്റെ 2009 - ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011 - ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16.03.2016 - ലെ CRMP No.4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചു പൂട്ടുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 - 19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനിക്കുകയും, ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 19.07.2017 - ലെ GEDN-F1/27/2017-GEDN നമ്പർ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് സമീപ പ്രദേശത്തുള്ള സർക്കാർ/എയ്ഡഡ്/ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ അവ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ